വഴിവെളിച്ചം

# ഹജ്ജ് സ്വർഗപ്രാപ്തിക്ക്

عَنْ اَبِى هُرَيرَةَ رَضِيَ اللَّهُ عَنهُ قَالَ : سَمِعتُ رَسُولَ اللَّه صَلَّى الله عَلَيهِ وَسَلَّمَ يَقُولُ : مَن حَجَّ فَلَم يَرفُث وَلَم يَفسُق رَجَعَ كَيَومِ وَلَدَتهُ أُمُّهُ (بخاري، مسلم)

**അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറയുന്നതായി ഞാൻ കേട്ടു: "വല്ലവനും ഹജ്ജ് ചെയ്തു; അവൻ അനാവശ്യം പ്രവർത്തിച്ചില്ല, കുറ്റകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുമില്ല. എങ്കിൽ മാതാവ് അവനെ പ്രസവിച്ച ദിവസം പോലെ പരിശുദ്ധനായി അവൻ തിരിച്ചുവരും"(ബുഖാരി, മുസ്‌ലിം).**

**ഹൃദയശുദ്ധിയോടെ** നിർവഹിക്കുന്ന ഹജ്ജ് വഴി പാപിയായ മനുഷ്യൻ നവജാത ശിശുവിനെപ്പോലെ പരിശുദ്ധനായിത്തീരുന്നു. സ്വർഗം ഉറപ്പുനൽകുന്ന പുണ്യകർമമാണ് ഹജ്ജ്.

ജീവിതത്തെ സംസ്കരിക്കാനും പാപക്കറകൾ കഴുകിക്കളയാനും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഇസ്‌ലാമിന്റെ കർമാനുഷ്ഠാനങ്ങളിൽ അഞ്ചാമത്തെ സ്തംഭമായ ഹജ്ജ്.

ലോകാരംഭം മുതൽ ആദരിക്കപ്പെടുന്ന പുണ്യഭൂമിയാണ് മക്ക. ഈ ഭൂപ്രദേശം ആദരിക്കപ്പെടാൻ കാരണം കഅ്ബയത്രെ. മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ലോകത്തിലെ ഒന്നാമത്തെ ആരാധനാ മന്ദിരമാണിത്. ഇസ്‌ലാമിക ചരിത്രത്തിലെ അവിസ്മരണീയമായ നിരവധി സംഭവങ്ങൾക്ക് ഈ പുണ്യനഗരി സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇതെല്ലാം കാണുമ്പോൾ, സത്യവിശ്വാസിക്കുണ്ടാകുന്ന ആത്മീയാനുഭൂതി പറഞ്ഞറിയിക്കാൻ പ്രയാസം.

ഇബ്റാഹീം നബി(അ) കഅ്ബ പുതുക്കിപ്പണിതു. അനന്തരം ഈ ഭവനത്തിൽ വന്ന് ഹജ്ജ് നിർവഹിക്കാൻ മനുഷ്യ സമൂഹത്തോട് പ്രഖ്യാപിക്കണമെന്ന് അല്ലാഹു ഇബ്റാഹീം നബി(അ)യോട് കൽപിച്ചു. അദ്ദേഹം വിനയത്തോടെ ഉണർത്തി: 'റബ്ബേ, എന്റെ ശബ്ദം എവിടെ എത്താനാണ്?' അല്ലാഹു പറഞ്ഞു: 'ഇബ്റാഹീം, നീ വിളിക്കൂ.' വിളിക്കേണ്ടത് എന്റെ ബാധ്യതയാണ്.

അങ്ങനെ ഹജ്ജിന് വരാൻ എല്ലാവരെയും അദ്ദേഹം ക്ഷണിച്ചു. ഈ ക്ഷണമാണ് വർഷം തോറും വിശ്വാസികളെ മക്കയിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്നത്. ഇത് അന്ത്യനാൾവരെ തുടരും.

'ഹജ്ജ്' എന്ന വാക്കിന്റെ അർഥം 'ഉദ്ദേശിക്കുക' എന്നാണ്. ഉദ്ദേശ്യമാണ് എല്ലാ കർമങ്ങളുടെയും മൂല്യം നിർണയിക്കുന്നത്. അതിനാൽ ഹജ്ജിന്റെ നിയ്യത്ത് ശുദ്ധവും നിഷ്കളങ്കവുമായിരിക്കണം. ഭൗതിക താൽപര്യങ്ങൾ ഒന്നും പാടില്ല. പേരും പ്രസിദ്ധിയും ഒരിക്കലും ആഗ്രഹിച്ചുപോകരുത്. അല്ലാഹുവിന്റെ പൊരുത്തം, അതായിരിക്കണം ലക്ഷ്യം. എല്ലാ ഇബാദത്തുകളുടെയും മർമം തഖ്‌വയായിരിക്കണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

മഹാനായ ഇബ്റാഹീം നബിയുടെയും ഇസ്മാഈൽ നബിയുടെയും ഹാജറ ബീവിയുടെയും ത്യാഗസുരഭിലമായ ജീവിതത്തിന്റെ ഓരോ ഏടും ഓർമിപ്പിക്കുന്നതാണ് ഹജ്ജ്. അത് ജീവിതാന്ത്യം വരെ ഓരോ ഹാജിയുടെയും മനസ്സിൽ മായാതെ സൂക്ഷിക്കണം. അതാണ് ഹജ്ജിന്റെ ചൈതന്യം. 'പുണ്യകരമായ ഹജ്ജിന്റെ പ്രതിഫലം സ്വർഗമാണെന്ന' പ്രവാചകന്റെ വചനം ഓരോ ഹാജിയും ഓർത്തിരിക്കേണ്ടതാണ്.

**കെ. അബ്ദുൽ ജബ്ബാർ കൂരാരി**